മലയാള മനോരമ
15 July 2025



സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാല സിജിഎസ്ടി ആൻഡ് കസ്റ്റംസ് ചീഫ് കമ്മിഷണർ ഷെയ്ഖ് ഖാദർ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് , ഡോ. ശോഭ ജോ കിഴക്കൂടൻ എന്നിവർ സമീപം .
*ചിത്രം /മനോരമ*

# ‘സ്രാവു പിടിത്തം തടയാൻ ഏകോപിത ശ്രമം ആവശ്യം’

കൊച്ചി● നിയമ വിരുദ്ധ സ്രാവു പിടിത്തവും വ്യാപാരവും തടയാൻ ഏകോപിത ശ്രമം ആവശ്യമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ ശിൽപശാലയിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. വംശനാശ ഭീഷണി നേരിടുന്ന സ്രാവിനങ്ങളുടെ സംരക്ഷണം ഉറപ്പാക്കാൻ ബോധവൽക്കരണവും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ സഹകരണവും വേണം. കേന്ദ്ര വന്യജീവി സംരക്ഷണ നിയമപ്രകാരം കൂടുതൽ സ്രാവിനങ്ങളെ ഉൾപ്പെടുത്തി സംരക്ഷിത പട്ടിക വികസിപ്പിച്ച പശ്ചാത്തലത്തിൽ ബോധവൽക്കരണ ക്യാംപെയ്ൻ നടത്തണം.

സിജിഎസ്ടി ആൻഡ് കസ്റ്റംസ് ചീഫ് കമ്മിഷണർ ഷെയ്ഖ് ഖാദർ റഹ്മാൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു.

കേന്ദ്ര ഫിഷറീസ് ജോയിന്റ് സെക്രട്ടറി നീതു കുമാരി പ്രസാദ്, ഡോ. ശോഭ ജോ കിഴക്കൂടൻ, ഡോ. ടി.എം.നജ്മുദ്ദീൻ എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന ഫിഷറീസ് വന്യജീവി വകുപ്പുകൾ, കസ്റ്റംസ്, കോസ്റ്റ് ഗാർഡ്, നാവികസേന ഉദ്യോഗസ്ഥർ, ഗവേഷകർ, കയറ്റുമതി, വിവിധ എൻജിഒ പ്രതിനിധികൾ എന്നിവർ ചർച്ചയിൽ പങ്കാളികളായി.